പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2240 **27-10-2026-ൽ മറുപടിയ്ക്ക്**

മാധ്യമപ്രവർത്തകൻ കെ. എം. ബഷീറിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മാധ്യമപ്രവർത്തകൻ കെ. എം. ബഷീറിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ 2019 മുതൽ 2026 വരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ;

മറുപടി: മാധ്യമപ്രവർത്തകൻ കെ. എം. ബഷീറിന്റെ മരണവുമായി ബന്ധപ്പെട്ട് Museum PS Cr. No. 1656/2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണം 05/08/2019 -ന് Special Investigation Team ന് കൈമാറിയിട്ടുള്ളതുമാണ്. - Special Investigation Team ടി കേസിൻറെ അന്വേഷണം പൂർത്തിയാക്കി 31/01/2020 തീയതി ബഹു. കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും ആയത് ഇപ്പോൾ CC NO 3001/2022 നമ്പർ ആയി ബഹു. JFMC 3 മുമ്പാകെ വിചാരണയിലാണ്.

(ബി) പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മുൻ സർക്കാർ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഇല്ല.

(സി) പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ലെങ്കിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: പ്രസ്തുത കേസിൽ അഡ്വക്കേറ്റ് എ. സന്തോഷ് കുമാറിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ജസീല (w/o late കെ എം ബഷീർ) സമർപ്പിച്ച അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. ആയതിനെതിരെ ശ്രീമതി ജസീല ബഹു. ഹൈക്കോടതി മുമ്പാകെ WP(Crl) No. 1485/2026 പ്രകാരം സമർപ്പിച്ച ഹർജി നിലവിൽ ബഹു. കോടതിയുടെ പരിഗണനയിലാണ് .

സെക്ഷൻ ഓഫീസർ